06433

OFFICE OF THE COMMISSIONER OF LAND REVENUE
RECEIVED
18 FEB 2015
THIRUVANANTHAPURAM

A6

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

എസ്.ഐ.യു.സി നാടാർ ക്രിസ്ത്യൻ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ച 1.11.2014 - ലെ ജി.ഒ.(എം.എസ്)25/14/പി.സ.വി.വ. ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ (എം.എസ്) നമ്പർ. 4/2015/പിസവിവ. തീയതി, തിരുവനന്തപുരം, 27.01.2015

==================================================================

പരാമർശം : 1.സ.ഉ(എം.എസ്) നം. 113/10/പ.ജ.പ.വ.വി.വ. തീയതി 4/11/2010
2.22.8.2011 -ലെ 25638/എഫ്3/2009/ പ.ജ.പ.വ.വി.വ നമ്പർ സർക്കുലർ
3. സ.ഉ(എം.എസ്) നം. 55/12/പ.ജ.പ.വ.വി.വ. തീയതി 4/4/2012
4. 30.08.2013-ലെ സ.ഉ(എം.എസ്) നം.09/2013/പിസവിവ
5. 01.11.2014 -ലെ സ.ഉ(എം.എസ്) നം.25/2014/പിസവിവ

**<u>ഉത്തരവ്</u>**

പരാമർശം 1 ലെ ഉത്തരവ് പ്രകാരം ലത്തീൻ കത്തോലിക്ക വിഭാഗത്തിന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്മേൽ, പരാമർശം 2 -ലെ സർക്കുലർ പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം 3 ലെ ഉത്തരവ് പ്രകാരം പരാമർശം 1 ലെ ഉത്തരവ് ഭേദഗതി വരുത്തുകയുണ്ടായി.

പരാമർശം 4 -ലെ സർക്കാർ ഉത്തരവ് പ്രകാരം SIUC നാടാർ ക്രിസ്ത്യൻ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുകയും പരാമർശം 5 പ്രകാരം ഇതു സംബന്ധിച്ച മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

ഈ ഉത്തരവിലെ വ്യവസ്ഥകൾ ലത്തീൻ കത്തോലിക്ക വിഭാഗങ്ങൾക്കു കൂടി ബാധകമാണെന്ന് ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഭേദഗതിയോടെ പരാമർശം 5 – ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**റ്റി. എസ്. നെജിമുദ്ദീൻ**
**അഡീഷണൽ സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ,കിർത്താഡ്സ്,ചേവായൂർ, കോഴിക്കോട് - 17.
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനകനഗർ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.